മംഗളം

25 May 2017



▪ അമിതവണ്ണം കുറയ്ക്കാൻ സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കാനുള്ള കരാർ പത്രം ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വി.എൽ.സി.സി ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹുജയ്ക്കു കൈമാറുന്നു. ഡോ. കാജൽ ചക്രവർത്തി, ഡോ. പി. വിജയഗോപാൽ എന്നിവർ സമീപം.

# അമിതവണ്ണം കുറയ്ക്കാൻ കടൽപായൽ ഔഷധം: കരാർ ഒപ്പിട്ടു

കൊച്ചി: അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കുന്നതിന് ആരോഗ്യരക്ഷാ ഉൽപന്ന നിർമാതാക്കളായ വി.എൽ.സി.സി. ഗ്രൂപ്പുമായി കരാർ ഒപ്പിട്ടു. സി.എം.എഫ്.ആർ.ഐയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപ്പന്നം നിർമിക്കാനുള്ള ലൈസൻസാണ് ഗ്രൂപ്പിനു കൈമാറിയത്.

സാങ്കേതികവിദ്യ കൈമാറാനുള്ള കരാർപത്രത്തിൽ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വി.എൽ.സി.സി ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹുജ, വൈസ് പ്രസിഡന്റ് ഡോ. എ.എച്ച്. സൈദി എന്നിവർ ഒപ്പുവച്ചു.

കടൽപ്പായലിൽനിന്നു ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ചാണ് കടൽമീൻ ആന്റിഹൈപ്പർകൊളെസ്ട്രോളമിക് എക്സ്ട്രാക്റ്റ് എന്ന ഉൽപ്പന്നം വികസിപ്പിച്ചത്.

ശരീരഭാഗങ്ങളിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ്, ട്രൈഗ്ലിസറൈഡ്, കൊളസ്ട്രോൾ എന്നിവ തടയുന്നതിനും ഉൽപ്പന്നം പ്രയോജനകരമാണ്. പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണു നിർമിച്ചിരിക്കുന്നത്.

400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സൂളുകളായാണ് ലഭ്യമാകുക. ഉൽപ്പന്നത്തിന് പാർശ്വഫലങ്ങളുമില്ലെന്നത് വിശദമായ പ്രീക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

കടലിൽനിന്നു സി.എം.എഫ്.ആർ.ഐ വികസിപ്പിക്കുന്ന നാലാമത്തെ ഔഷധമാണിത്. നേരത്തെ പ്രമേഹത്തിനും സന്ധിവേദനയ്ക്കും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചിരുന്നു. മൂന്നെണ്ണം കടൽപായലിൽനിന്നും ഒന്ന് കല്ലുമ്മക്കായയിൽനിന്നുമാണു നിർമിച്ചത്.

ഭാവിയിൽ കടൽപായലിൽനിന്നു തൈറോയിഡിനുൾപ്പെടെ കൂടുതൽ ആരോഗ്യരക്ഷാ ഉൽപന്നങ്ങൾ നിർമിക്കാൻ സി.എം.എഫ്.ആർ.ഐക്കു പദ്ധതിയുണ്ട്.

കരാർപത്രം കൈമാറുന്ന ചടങ്ങിൽ സി.എം.എഫ്.ആർ.ഐയിലെ വിവിധ ഗവേഷണ വിഭാഗം മേധാവികളായ ഡോ. പി. വിജയഗോപാൽ, ഡോ. കെ. സുനിൽ മുഹമ്മദ്, ഡോ. ആർ. നാരായണകുമാർ, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. പി.യു. സക്കറിയ, ഡോ. വി. കൃപ, ഡോ. കെ.കെ. ജോഷി, ഡോ. ജി. മഹേശ്വരുഡു, ചീഫ് ഫിനാൻസ് ഓഫീസർ എ.വി. ജോസഫ് എന്നിവരും പങ്കെടുത്തു.